(1)	(2)
പത്തനംതിട്ട	196
ആലപ്പുഴ	159
കോട്ടയം	206
ഇടുക്കി	471
എറണാകുളം	368
തൃശ്ശൂർ	679
പാലക്കാട്	707
മലപ്പുറം	412
കോഴിക്കോട്	299
വയനാട്	128
കണ്ണൂർ	185
കാസർഗോഡ്	258
ആകെ	5380

(ബി) 2011-12 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഗ്രാമ പ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിനും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒന്നരസെന്റ് ഭൂമി വാങ്ങുന്നതിനുമാണ് ധനസഹായം അനുവദിച്ചു വരുന്നത്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള സംവരണ തോത്

219 (5022) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പട്ടികജാതി കമ്മീഷൻ നിലവിലുള്ള സംവരണ തോത് വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിലുള്ള സംവരണതോത് എന്നാണ് നിലവിൽ വന്നതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംവരണതോത് നിശ്ചയിച്ചിരിക്കുന്നത് ജനസംഖ്യാനുപാതികമാണെങ്കിൽ നിരക്ക് ഏത് രീതിയിലെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 1958-ൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ നിലവിൽ വന്നത് മുതൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതിക മായി സർക്കാർ നിയമനങ്ങളിൽ 8 ശതമാനം എന്ന നിരക്കിൽ സംവരണം നൽകിവരുന്നു.

ലംപ്സംഗ്രാന്റ് വിതരണത്തിലെ കാലതാമസം

220 (5023) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാൻറ് വിതരണം ചെയ്യുന്നതിൽ വലിയ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്ലസ് വൺ, പ്ലസ്-ടു, ബിരുദമടക്കമുള്ള കോഴ്സുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 2014-15 വർഷത്തെ ലംപ്സംഗ്രാന്റ് ഇനിയും വിതരണം ചെയ്യാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഗ്രാന്റ് ഉടൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അതാത് അദ്ധ്യയന വർഷങ്ങളിൽത്തന്നെ ലംപ്സംഗ്രാൻറ് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് ഓൺലൈൻവഴി യഥാസമയം തന്നെ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിൽ നൽകിവരുന്നുണ്ട്. എന്നാൽ ചില സ്ഥാപനങ്ങൾ വിദ്യാർത്ഥികളുടെ ക്ലെയിം സ്റ്റേറ്റ്മെന്റുകൾ യഥാസമയം ഓൺ ലൈനായി അയക്കാത്തത് കൊണ്ട് ചില വിദ്യാർത്ഥികൾക്ക് യഥാസമയം ലംപ്സം ഗ്രാന്റ് ലഭിക്കാതെവരുന്നു. ഇത് പരിഹരിക്കുന്നതിനായി അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ തന്നെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഇതുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഒരു ഏകദിന പരിശീലനം ജില്ലാ അടിസ്ഥാനത്തിൽ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly